(ബി, സി) 'എ' ചോദ്യത്തിൽപ്പറയുന്ന ആവശ്യം മാന്നാർ പഞ്ചായത്തിലെ വൂർത്തിട്ടതോട്, വുകത്തേരിതോട് പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നതോടുകൂടി നിറവേറ്റപ്പെടുന്നതാണ്.

(ഡി) ആവശ്യമുള്ള ഫണ്ട് ലഭ്യമാകുന്നതനുസരിച്ചു പണി ഏറ്റെടുത്തു നടത്തുന്നതിനെപ്പറ്റി പരിഗണിക്കുന്നതാണ്.

മണ്ണൊലിപ്പു തടയാൻ നടപടി

925 [1104] ശ്രീ. സി. പി. മൂസ്സാൻകുട്ടി: താഴെ കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

വളപട്ടണം പുഴയുടെ ഇരുവശവും ആത്തൂർ, കുറുമാത്തൂർ, ചെങ്ങമായി, മച്ചിൽ, കൊളച്ചേരി എന്നീ പഞ്ചായത്തുകളിലെ രണ്ടു രോഗവും ഇടിഞ്ഞുണ്ടാകുന്ന മണ്ണൊലിപ്പു തടയാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ആത്തൂർ പഞ്ചായത്തിലുള്ള എ. കെ. ജി. ഐലൻറിൽ 100 മീറ്റർ നീളത്തിലും കൊളച്ചേരി പഞ്ചായത്തിൽപ്പെട്ട പാമ്പുരുത്തി കാവിനു മുൻപിലായി 170 മീറ്റർ നീളത്തിലുമുള്ള പുഴഭിത്തിയുടെ പണി പൂർത്തിയായി വരുന്നു. താഴോട്ട് 215 മീറ്റർ നീളത്തിലുള്ള പ്രവൃത്തിയുടെ പണി പുരോഗതിയിലാണ്. കുറുമത്തൂർ, മച്ചിൽ എന്നീ പഞ്ചായത്തുകളിൽ മണ്ണൊലിപ്പു തടയുന്നതിന് ആവശ്യമായ പ്രവൃത്തികൾക്കു പ്രാരംഭ അന്വേഷണങ്ങൾ നടന്നുവരുന്നുണ്ട്. കൂടാതെ ചെങ്ങളായി പഞ്ചായത്തിൽ ആണ്ടലൂർ കടവിനു സമീപം 500 മീറ്റർ നീളത്തിൽ പുഴഭിത്തി നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

കേരള വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ

926 [1106] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയിൽ മാനേജിംഗ് ഡയറക്ടർ സർവ്വീസിൽ നിന്നും 55 വയസ്സ് തികഞ്ഞതിനെ തുടർന്ന് റിട്ടയർ ചെയ്യേണ്ടിയിരുന്നത് എന്നാണെന്ന് വെളിപ്പെടുത്തുമോ;

(ബി) അദ്ദേഹത്തിൻറെ ഔദ്യോഗിക കാലാവധി നീട്ടിക്കൊടുത്തത് ഏത്ര വർഷത്തേക്കാണ്;

(സി) നീട്ടിക്കൊടുത്ത കാലാവധി അവസാനിക്കുന്നത് എന്നാണെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly